തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്: സിറ്റി പോലീസ് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി

## കോവിഡ്-19

## വിലക്ക് ലംഘനം: 58 പേർക്കെതിരെ നിയമനടപടി 21,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് തിരുവനന്തപുരം സിറ്റിയിൽ വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. സിറ്റിയിൽ 338 സ്ഥാപനങ്ങളിലായി 760 പോളിംഗ് സ്റ്റേഷനുകളാണ് ക്രമീകരിച്ചിട്ടുള്ളത്. വോട്ടിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രങ്ങളിലും, പോളിംഗ് കേന്ദ്രങ്ങളിലും, വോട്ടിംഗ് കഴിഞ്ഞ മെഷീനുകൾ സൂക്ഷിക്കുന്ന സെന്ററുകളിലും, വോട്ടെണ്ണൽ കേന്ദ്രങ്ങളിലും പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം & ട്രാഫിക്ക്) ഡോ. ദിവ്യ.വി.ഗോപിനാഥ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രൈംസ് & അഡ്മിൻ) മുഹമ്മദ് ആരിഫ് എന്നിവരുടെ നേതൃത്വത്തിൽ 2496 പോലീസ് ഉദ്യോഗസ്ഥരെ തിരുവനന്തപുരം സിറ്റിയിൽ ഇലക്ഷൻ ഡ്യൂട്ടിക്കായി വിന്യസിച്ചു. 12 പോലീസ് അസിസ്റ്റന്റ് കമ്മീഷണർമാർ, 30 പോലീസ്